**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6090** **09-07-2024 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി നിരക്ക് വർധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വൈദ്യുതി നിരക്ക് വർധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ വിവിധ വിഭാഗ ഉപഭോക്താക്കളുടെ വൈദ്യുതി ചാർജ്ജ നിർണ്ണയിക്കുന്നതിനുള്ള അധികാര വൈദ്യുതി നിയമം 2003-ലെ 45, 62 എന്ന് വകുപ്പുകൾ പ്രകാരം കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനി നിക്ഷിപ്തമാണ്. കേരള സംസ്ഥാന വൈദ്യുത റെഗുലേറ്ററി കമ്മീഷൻ 31.10.2023-ലെ അതിന്റെ ഇടക്കാല ഉത്തരവ് പ്രകാര 01.11.2023 മുതൽ 30.06.2024 വരെയുള്ള കാലയളവിലേക്ക് വൈദ്യുതി ചാർജ്ജ പരിഷ്കരിക്കുകയുണ്ടായി. കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന 31.10.2023-ലെ ഉത്തരവിൽ 01.07.2024 മുതലുള്ള താരിഫ് പരിഷ്കരണത്തിന കെ.എസ്.ഇ.ബി. ലിമിറ്റഡ് പ്രത്യേക പെറ്റീഷൻ സമർപ്പിക്കേണ്ടതില്ല എന്നും നിലവിലുള്ള പെറ്റീഷൻ പ്രകാരം വൈദ്യുത ചാർജ്ജ് പുതുക്കി നിശ്ചയിക്കുമെന്നു അറിയിച്ചിരുന്നു. എന്നാൽ റെഗുലേറ്റ കമ്മീഷൻ 16.05.2024-ലെ കത്ത് പ്രകാര താരിഫ് പുതുക്കി നിശ്ചയിക്കുന്നതിനുള്ള ശുപാർശ 30.05.2024-നക സമർപ്പിക്കണമെന്ന് ആവശ്യപ്പെടുകയുണ്ടായ എന്നാൽ ഇത് സംബന്ധിച്ച് കെ.എസ്.ഇ.ബി ലിമിറ്റഡ് ശുപാർശകൾ ഒന്നും തന്നെ നിലവിൽ റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടില്ല. 25.06.2024 ലെ ഉത്തരവിലൂടെ ഇപ്പോഴത്തെ നിരക്കുകൾ 30.09.2024 വരെ തുടരുന്നതിന് റെഗുലേറ്ററി കമ്മീഷൻ അനുമതി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | വൈദ്യുതി ചാർജിൽ ഏർപ്പെടുത്തിയ സർചാർജ്ജ് പിൻവലിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വിശദമാക്കുമോ; | (ബി) | 29.01.2022-ൽ കേന്ദ്രസർക്കാരിന്റ ഊർജ്ജമന്ത്രാലയം വിജ്ഞാപനം ചെയ്ത പുറപ്പെടുവിച്ച Electricity (Amendment) Rules, 2022 പ്രകാരം, കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ താരിഫ നിർണ്ണയ ചട്ടങ്ങളിൽ (2023) വരുത്തിയ ഭേദഗതിയുടെ അടിസ്ഥാനത്തിൽ ടി.കമ്മീഷന്റെ അനുമതിയോടുകൂടിയാണ ഇന്ധന സർചാർജ്ജ് ഈടാക്കി വരുന്നത് ഇത് യഥാസമയം ഈടാക്കിയില്ലെങ്കിൽ വൈദ്യുതി വാങ്ങലിന്റെ വില യഥാസമയ നൽകുന്നത് തടസ്സപ്പെടുകയും (ആകെ ചിലവിന്റെ 55 ശതമാനം), ആയത സംസ്ഥാനത്തിലെ വൈദ്യുതി വിതരണത്തെ കാര്യമായി ബാധിക്കുകയും, കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ സാമ്പത്തിക സ്ഥിതി മോശമാക്കുകയും ചെയ്യും. ആയതിനാൽ നിലവിലെ സാഹചര്യത്തിൽ ഇന്ധന സർചാർജ്ജ് പിൻവലിക്കുന്ന കാര്യ കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ പരിഗണനയിൽ ഇല്ല. |
| (സി) | ഗാർഹിക ഉപഭോക്താക്കളുടെ ഫിക്സഡ് ചാർജ്ജ് വർധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (സി) | നിലവിൽ 31.10.2023-ലെ കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ താരിഫ് ഉത്തരവ് പ്രകാരമാണ് സംസ്ഥാനത്തെ ഉപഭോക്താക്കളിൽ നിന്നും വിവിധ ചാർജജുകൾ (ഫിക്സഡ് ചാർജ് ഉൾപ്പെടെയുള്ള) ഈടാക്കി വരുന്നത്. നിലവിൽ, ടി നിരക്കുകൾ ഭേദഗതി ചെയ്യുന്നതിനുള്ള ശിപാർശകൾ ഒന്നും തന്നെ കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ കെ.എസ്.ഇ.ബി. ലിമിറ്റഡ് സമർപ്പിച്ചിട്ടില്ല. |
| (ഡി) | വൈദ്യുതി നിരക്ക് വർധന മൂലം ജനങ്ങൾ ദുരിതത്തിലായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ